**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3461** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉപകരണങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ചെറുകിട ഇടത്തരം കർഷകർക്ക് കാർഷിക ഉപകരണങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ ആണ് നിലവിലുള്ളത് എന്നറിയിക്കാമോ; | (എ) | ചെറുകിട ഇടത്തരം കർഷകർക്ക് കാർഷിക ഉപകരണങ്ങൾ മിതമായ നിരക്കിൽ ലഭിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ വിവിധ ജില്ലകളിലായി 11 അഗ്രോ ബസാറുകൾ പ്രവർത്തിച്ച വരുന്നു. കാർഷിക ഉപകരണങ്ങൾ 50% വരെ സബ്സിഡി നിരക്കിൽ വാങ്ങുന്നതിന് Sub Mission on Agriculture Mechanization (SMAM) പദ്ധതി നിലവിലുണ്ട്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടി കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 'ഹോർട്ടികൾച്ചർ മേഖലയിലെ യന്ത്രവത്കരണം' എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ചെറുകിട ഇടത്തരം കർഷകർക്ക് ചുവടെ ചേർക്കും പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. 1) 20 പവർ ട്രാൻസ്മിഷൻ ഔട്ട്പുട്ട് HP വരെയുള്ള ട്രാക്ടറുകൾക്ക് യൂണിറ്റൊന്നിന് 35% സബ്സിഡി. പരമാവധി 1.00 ലക്ഷം രൂപ വരെ. 2) 8 BHP-യ്ക്ക് താഴെയുള്ള പവർ ടില്ലറുകൾക്കു യൂണിറ്റൊന്നിന് 58% സബ്സിഡി. പരമാവധി 50,000/- രൂപ വരെ. 3) 8 BHP-യ്ക്ക് മുകളിലുള്ള പവർ ടില്ലറുകൾക്കു യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 75,000/- രൂപ വരെ. 4) സ്വയം പ്രവർത്തികുന്ന (Self propelled) ഹോർട്ടി കൾച്ചർ യന്ത്രങ്ങൾക്ക് 50% സബ്സിഡി. പരമാവധി 1.25 ലക്ഷം രൂപ വരെ. 5) മാനുവൽ സ്പ്രേയറുകൾക്ക് (കാല് കൊണ്ട് പ്രവർത്തിപ്പിക്കുന്നവ/നാപ്സാക്) യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 600/- രൂപ വരെ. 6) 8-12 ലിറ്റർ വരെ സംഭരണ ശേഷിയുള്ള പവർ നാപ്സാക് സ്പ്രേയറുകൾക്ക് യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 3100/-രൂപ വരെ. 7) 12-16 ലിറ്റർ വരെ സംഭരണ ശേഷിയുള്ള പവർ |

| | | | |
|---|---|---|---|
| | | | നാപ്സാക് സ്പ്രേയറുകൾക്ക് യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 3800/-രൂപ വരെ. 8) 16 ലിറ്ററിൽ കൂടുതൽ സംഭരണ ശേഷിയുള്ള പവർ നാപ്സാക് സ്പ്രേയറുകൾക്ക് യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 10000/- രൂപ വരെ. 9) പരിസ്ഥിതി സൗഹൃദ വിളക്ക് കെണികൾക്ക് യൂണിറ്റൊന്നിന് 50% സബ്സിഡി. പരമാവധി 1400/- രൂപ വരെ. |
| (ബി) | കാർഷിക ഉപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള സർക്കാർ അംഗീകൃത ഏജൻസികൾ ഏകീകരിച്ച നിരക്കാണോ ഉപകരണങ്ങൾക്ക് ചുമത്തുന്നത് എന്നറിയിക്കാമോ; | (ബി) | KAICO Ltd, RAIDCO Kerala Ltd എന്നീ സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന ഏകീകരിച്ച നിരക്കിലാണ് KAMCO ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നത്. SMAM പദ്ധതി പ്രകാരം വിൽക്കുന്ന ഉപകരണങ്ങൾക്ക് പരമാവധി വില (MRP) അംഗീകരിച്ച് നൽകിയിട്ടുണ്ട്. |
| (സി) | കോഴിക്കോട് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇതിനായുള്ള അംഗീകൃത ഏജൻസികൾ നിലവിലുള്ളത് എന്നറിയിക്കാമോ? | (സി) | കോഴിക്കോട് ജില്ലയിൽ KAICO-യുടെ വേങ്ങേരിയിലെ നഗര കാർഷിക മൊത്ത വിപണന കേന്ദ്രത്തിലുള്ള KAICOയുടെ ഡിവിഷണൽ ഓഫീസ് വഴി കൃഷി ഭവനുകൾ നൽകുന്ന ഓർഡറിന്റെ അടിസ്ഥാനത്തിൽ കാർഷിക ഉപകരണങ്ങൾ വിപണനം നടത്തുന്നു. കൂടാതെ RAIDCO Kerala Ltd-ന്റെ മൂന്ന് വിപണന കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്ന സ്ഥലങ്ങളിലുണ്ട്. 1. Near Sangam Theatre, Chembra Road, Perambra PO - 673 525. 2. Near SH Church, Mukkom PO - 673 602. 3. Gandhi Griham Building, Cherootty Road, Kozhikode - 673 032. |

സെക്ഷൻ ഓഫീസർ